**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.440 03.03.2020-ലെ മറുപടിക്ക്**

## ട്രഷറി നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ഡോ. ടി.എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഏതെല്ലാം ഇനങ്ങൾക്കാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ; | ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും നടപ്പ് സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടില്ല. വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി നഷ്ടപരിഹാരമായി കേന്ദ്രം കേരളത്തിന് നൽകേണ്ട മുഴുവൻ തുകയും ലഭ്യമാക്കിയിട്ടുണ്ടോയെന്നും ആയതിന്റെ വിശദാംശങ്ങളും അറിയിക്കാമോ; | 2019 ഒക്ടോബർ മാസം മുതൽ 2020 ജനുവരി വരെയുള്ള നഷ്ടപരിഹാരം മൂവായിരം കോടിക്ക് മുകളിൽ വരും. ഇതിൽ 854.04 കോടി രൂപ മാത്രമാണ് അനുവദിച്ചത്. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ ഒന്നും തന്നെ ട്രഷറി നിയന്ത്രണം കാരണം പാസ്സാകാത്തതിനാൽ വികസന പ്രവർത്തനങ്ങളാകെ സ്തംഭിച്ച അവസ്ഥയ്ക്ക് ധനകാര്യവകുപ്പ് എന്ത് പരിഹാരനടപടിയാണ് | സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനവും ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ വാഗ്ദാനം ചെയ്ത നഷ്ടപരിഹാരം ലഭ്യമാക്കുന്നത് അകാരണമായി വൈകിപ്പിക്കുന്നതും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി |

| | | |
|---|---|---|
| | നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സൃഷ്ടിച്ചിട്ടുണ്ട്. ടി പ്രതികൂല സാഹചര്യത്തിലും 15.01.2020 വരെ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 5,00,000 രൂപ വരെയുള്ള ബില്ലുകൾ മാറി നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിരുന്നു. കൂടാതെ അഞ്ച് ലക്ഷത്തിന് മുകളിലുള്ള കോൺട്രാക്ടർ / വിതരണക്കാർക്കുള്ള ബില്ലുകൾ ബി.ഡി.എസ് വഴി മാറുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**